## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.333** **25.06.2018-ൽ മറുപടിയ്ക്ക്**

### പട്ടികവിഭാഗങ്ങളിൽപ്പെട്ടവർക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.ഡോ.എൻ. ജയരാജ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്നതിന് ധനസഹായം നൽകുന്ന ണ്ടോ; | (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. |
| (ബി) | എങ്കിൽ ഇതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കാമോ; | (ബി) & (സി) | 02-07-2009 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 50/2009/പജപവവിവ പ്രകാരം താഴെ പറയുന്ന രീതിയിലാണ് വരുമാന പരിധിയില്ലാതെ സംസ്ഥാന സർക്കാർ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.<br>1. കേരളത്തിന് പുറത്ത് താൽക്കാലികമായി ഔദ്യോഗിക ആവശ്യങ്ങൾക്ക് താമസിക്കേണ്ടി വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് അവിടത്തെ സർക്കാർ/എയിഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് കേരളത്തിലെ വിദ്യാർത്ഥികൾക്ക ലഭിക്കുന്ന അതേ രീതിയിൽ എല്ലാ കോഴ്സുകൾക്കും ധനസഹായം ലഭിക്കും.<br>2. കേരളത്തിൽ സ്ഥിരതാമസക്കാരായ വിദ്യാർത്ഥികൾക്ക് കേരളത്തിൽ ലഭ്യമല്ലാത്ത കോഴ്സുകൾക്ക് അന്യ സംസ്ഥാനങ്ങളിൽ പഠിക്കുന്നതിന് സംസ്ഥാനത്തെ സമാന കോഴ്സുകൾക്ക് അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നു.<br>3. കേന്ദ്രസർക്കാർ/കേന്ദ്രയൂനിവേഴ്സിറ്റികൾ/മറ്റ കേന്ദ്ര ഏജൻസികൾ എന്നിവ നടത്തുന്ന മത്സര പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട് അന്യ സംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭിക്കും. |
| (സി) | ഏതൊക്കെ കോഴ്സുകൾക്കാണ് ധനസഹായം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ? | | |

| | | | |
|---|---|---|---|
| | | | 4. കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള ഡീംഡ് യൂനിവേഴ്സിറ്റികളിലും സർക്കാർ കോളേജുകളിലും പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റിലും റിസർവ്വേഷനിലും പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാണ്.<br>മേൽ പറഞ്ഞ കോഴ്സുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ ഉൾപ്പെടാത്തതും കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കുറഞ്ഞതുമായ വിദ്യാർത്ഥികൾക്ക് ഗവൺമെൻറ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫിസർ